# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4727

22.03.2018-ൽ
മറുപടിക്ക്

## ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിലെ വാളയാറിൽ കിൻഫ്രയുടെ ഒരു മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഭക്ഷ്യ സംസ്കരണ മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഈ മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് മെഗാഫുഡ് പാർക്ക്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ധനസഹായമായി 28.81 കോടി രൂപ ലഭ്യമായിട്ടുമുണ്ട്. പ്രസ്തുത പാർക്കിൽ 7 സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇത് കൂടാതെ കാക്കഞ്ചേരിയിൽ കിൻഫ്ര സ്ഥാപിച്ച ഭക്ഷ്യ സംസ്കരണ പാർക്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 3 സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ചേർത്തല പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി. സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും അനുബന്ധ നിർമ്മാണ സൗകര്യങ്ങൾക്കുമായി ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സംരംഭകത്വ വികസന പരിപാടി, ടെക്നോളജി ക്ലിനിക്ക് എന്നിവയിൽ ഭക്ഷ്യസംസ്കരണ മേഖലയ്ക്ക് മുൻഗണന നല്കുന്നു. ഈ മേഖലയെ കാലോചിതമായി നവീകരിക്കുന്നതിന്റെ ഭാഗമായി പാക്കേജിംഗ്, ബ്രാന്റിംഗ് തുടങ്ങിയ രംഗങ്ങളിൽ നൂതനമായ അറിവ് പകർന്ന് |

നല്കുന്നതിന് ബന്ധപ്പെട്ട വിദഗ്ധരുടെ ക്ലാസ്സുകൾ, ഡെമോൺസ്ട്രേഷനുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പിന്റെയും, ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡിന്റെയും നടപടിക്രമങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നല്കുന്നു. കേരളത്തിന്റെ തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ കാർഷിക സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി നടത്തുന്ന വ്യാവസായിക പ്രദർശന വിപണന മേള 'കേരള അഗ്രോ ഫുഡ് പ്രോ 2018' മാർച്ച് 10 മുതൽ 13 വരെ തൃശ്ശൂരിൽ വച്ച് നടത്തുകയുണ്ടായി.

**ബി)** ഏതെങ്കിലും പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

**ബി)** വ്യവസായജാലകം സർവ്വേ റിപ്പോർട്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മേഖലയിൽ 1058 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 59 |
| കൊല്ലം | - | 68 |
| പത്തനംതിട്ട | - | 47 |
| ആലപ്പുഴ | - | 48 |
| കോട്ടയം | - | 37 |
| ഇടുക്കി | - | 92 |
| എറണാകുളം | - | 84 |
| തൃശ്ശൂർ | - | 64 |
| പാലക്കാട് | - | 72 |
| മലപ്പുറം | - | 195 |
| കോഴിക്കോട് | - | 190 |
| വയനാട് | - | 58 |
| കണ്ണൂർ | - | 19 |
| കാസർഗോഡ് | - | 25 |

ബുസ്ഥാൻ അൽവതാനിയ എന്ന പേരിൽ ഒരു ഭക്ഷ്യ സംസ്കരണ യൂണിറ്റ് കെ.എസ്.ഐ.ഡി.സി.യുടെ ചേർത്തല മെഗാഫുഡ് പാർക്കിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ കിനാലൂർ വ്യവസായ വികസന കേന്ദ്രത്തിൽ കെ.സി.കെ. അഗ്രോ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു സ്ഥാപനം ഭക്ഷ്യ സംസ്കരണമേഖലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**